# ഇലക്ടോറൽ ബോണ്ടും രാഷ്ട്രീയ സംഭാവനകളിലെ അതാര്യതയും

## A. ഇലക്ടറൽ ബോണ്ടിനെ കുറിച്ച് അറിയേണ്ടതെല്ലാം

രാഷ്ട്രീയ പാർട്ടികൾക്ക് വേണ്ടി സംഭാവന ചെയ്യാനുള്ള സാമ്പത്തിക ഉപകരണമാണ് (Financial Instrument ) ഇലക്ടറൽ ബോണ്ട്. ഈ വാക്ക് ആദ്യമായി പ്രസ്താവിച്ചത് 2017 -18 ലെ ബജറ്റ് അവതരണത്തിന് ഇടയിൽ ധനകാര്യ മന്ത്രിയായ നിർമ്മല സീതാരാമൻ ആണ്. ഇലക്ടോറൽ ബോണ്ട് സ്കീം, 2018 പ്രകാരം ഇലക്ടോറൽ ബോണ്ട് സാമ്പത്തിക ഉടമ്പടി (പ്രോമിസറി നോട്ട്) ആയി അവതരിപ്പിക്കുന്ന കടപ്പത്രം ആണ്.

2018 ജനുവരി 2 നു സ്കീം ആണ് ഈ പരസ്യപ്പെടുത്തിയത്. ഇത് പ്രകാരം ഇന്ത്യൻ പൗരന്മാരായ വ്യക്തികൾക്കും ആഭ്യന്തര കമ്പനികൾക്കും ഇലക്ടോറൽ ബോണ്ടിലൂടെ Rs.1000. Rs.10000, Rs.10000. Rs.1000000 ന്റെയും ഗുണിതങ്ങളായി രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന ചെയ്യാൻ അനുവദിക്കുന്നു. ഇതനുസരിച്ചു അവർക്കു ഇഷ്ടമുള്ള രാഷ്ടീയ പാർട്ടികൾക്ക് സംഭാവന ചെയ്യാനും 15 ദിവസത്തിനുള്ളിൽ തിരിച്ചു വാങ്ങാനും സാധിക്കും. ഒരു വ്യക്തിക്ക് സ്വന്തമായോ മറ്റു വ്യക്തികളുമായി ചേർന്ന് കൂട്ടമായോ ബോണ്ട് വാങ്ങിക്കാൻ സാധിക്കും. വ്യക്തികൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും ഇലക്ടോറൽ ബോണ്ട് എത്ര എണ്ണം വാങ്ങിക്കാം എന്നതിന് പരിധി വെച്ചിട്ടില്ല. 15 ദിവസത്തിനകം തുക പണമായി നൽകാത്ത ബോണ്ടിനെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (Prime Minister Relief Fund) ഉത്തരവാദിത്തപ്പെട്ട ബാങ്കുകൾ നിക്ഷേപിക്കേണ്ടതാണ്. ഇതുവരെ 144 ബോണ്ടുകളിലായി 20.2833 cr (0.31%) രൂപ മൂല്യമുമുള്ള തുക പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ പതിനഞ്ചാം ഘട്ടത്തിൽ വാങ്ങിച്ച 99.69% ബോണ്ടുകളും കാലാവധിക്ക് മുമ്പ് തന്നെ രാഷ്ട്രീയ പാർട്ടികൾ പണമാക്കി മാറ്റിയിട്ടുണ്ട്.

ചില മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് മാത്രമേ ഇലക്ടോറൽ ബോണ്ട് സ്വീകരിക്കാൻ യോഗ്യതയൊള്ളു.

1. 1951 ലെ ജന പ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 29A പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയ പാർട്ടികൾ ആയിരിക്കണം.
2. കഴിഞ്ഞ സംസ്ഥാന നിയമ സഭയിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പിൽ 1 % ത്തിൽ കുറയാത്ത വോട്ട് നേടിയ പാർട്ടികൾ ആയിരിക്കണം.

2018 ലെ ഇലക്ടോറൽ ബോണ്ട് സ്കീം പ്രകാരം, 1951 ലെ ജനപ്രധിനിധ്യ നിയമത്തിലെ സെക്ഷൻ 29സി പ്രകാരം ഇലക്ടോറൽ ബോണ്ടിലൂടെ പണം സംഭാവന ചെയ്യുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കണം എന്നുള്ള അല്ലെങ്കിൽ അത് തിരെഞ്ഞെടുപ്പ് കമ്മീഷനിൽ (ECI ) വർഷാ വർഷം റിപ്പോർട്ട് ചെയ്യണം എന്നുള്ള രാഷ്ട്രീയപാർട്ടികൾക്ക് മേലുള്ള ബാധ്യത ഭേതഗതി വരുത്തി ഒഴിവാക്കിയിട്ടുണ്ട്

## B. ഇലക്ടറൽ ബോണ്ടിനെ കുറിച്ചുള്ള ADR ൻറെ വസ്തുത വിശകലനങ്ങൾ

2018 മാർച്ചു മുതൽ 2021 ജനുവരി വരെ യുള്ള 15-ആം ഘട്ടത്തിൽ രാഷ്ട്രീയ പാർട്ടികൾ വാങ്ങുകയും വീണ്ടെടുക്കുകയും ചെയ്ത ആകെ ഇലക്ടോറൽ ബോണ്ടുകളുടെ എണ്ണവും തുകയും ശാഖാപരമായും (Branch Wise ) വർഗ്ഗപരമായും(Denomination wise) ADR വിശകലനം ചെയ്തു. അതുപ്രകാരം ലഭിച്ച പ്രാഥമിക കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

1 ) 2018 മാർച്ചു മുതൽ 2021 ജനുവരി വരെ യുള്ള 15-ആം ഘട്ടത്തിൽ Rs 6534.78 കോടി മൂല്യമുള്ള 12,924 ഇലക്ടോറൽ ബോണ്ടുകളാണ് വിറ്റു തീർന്നത്. Rs 6514.50 കോടി മൂല്യമുള്ള 12,780 ബോണ്ടുകളാണ് ഇതേ കാലഘട്ടത്തിൽ തിരികെ വിലക്കു വാങ്ങിയത് . ആകെ ഇലക്ടോറൽ ബോണ്ടിന്റെ 55.43% വും ലോകസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള 2019 മാർച്ച് -ഏപ്രിൽ എന്നീ രണ്ടു മാസങ്ങളിലായാണ് വാങ്ങിച്ചു കൂട്ടിയത് .

2 ) ഇലക്ടോറൽ ബോണ്ടിന്റെ ആകെ തുകയുടെ 92.046% (അല്ലെങ്കിൽ Rs 6015 കോടിയും) 1 കോടിയുടെ ഇനത്തിൽ പെട്ടതായാണ് വാങ്ങിക്കപ്പെട്ടത്.ഇത് സൂചിപ്പിക്കുന്നത് ഇത്രയും തുക സംഭാവന നൽകിയത് വൻ കോർപറേറ്റുകൾ ആണ് (വ്യക്തികൾ അല്ല).

3. 2018 മാർച്ചു മുതൽ 2021 ജനുവരി വരെയും വിലക്ക് വാങ്ങിയ 9108 ഇലക്ടോറൽ ബോണ്ടുകളിലായി Rs 5013.52 കോടി രൂപ മൂല്യമുള്ള ( ആകെ ഇലക്ടോറൽ ബോണ്ടിന്റെ 76.96%വും ) ഇലക്ടറൽ ബോണ്ടുകളും പണമായി കൈമാറിയത് ദേശീയ പാർട്ടികളുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ന്യൂ ഡൽഹിയിലും, ഏറ്റവും കൂടുതൽ മൂല്യമുള്ള ഇലക്ടോറൽ ബോണ്ടുകൾ വാങ്ങിച്ചത് മുംബൈയിൽ നിന്നും ആണ്.

4. 2017-18 & 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ Rs 2,760.20 കോടി രൂപയാണ് രാഷ്ട്രീയ പാർട്ടികൾ ഇലക്ടോറൽ ബോണ്ടിലൂദ് കൈപ്പറ്റിയത്. ഈ തുകയുടെ 60.17% ത്തിനു തുല്യമായ വലിയ ഭാഗവും (Rs 1,660.89 കോടി) കൈപ്പറ്റിയത് ഇപ്പോൾ ഭരിക്കുന്ന രാഷ്ടീയ പാർട്ടിയാണ്.

5. ഇലക്ഷൻ കമ്മീഷന് ബിജെപി സമർപ്പിച്ച വാർഷിക റിപ്പോർട്ട് പ്രകാരം, 2017 -18 സാമ്പത്തിക വർഷത്തിൽ 210 കോടി രൂപ ഇലക്ടോറൽ ബോണ്ടിലൂടെ ബിജെപിക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇത് ആ സാമ്പത്തിക വർഷത്തിൽ ആകെ ലഭിച്ച ഇലക്ടോറൽ ബോണ്ടിന്റെ 95 % തുകക്ക് തുല്യമാണ്. 2018 -19 സാമ്പത്തിക വർഷത്തിൽ 1450 കോടി രൂപ ബിജെപിക്ക് ഇലക്ടോറൽ ബോണ്ടിലൂടെ ലഭിച്ചപ്പോൾ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസിന് 383 കോടി രൂപയാണ് ഇലക്ടോറൽ ബോണ്ടിലൂടെ ലഭിച്ചത്

6. ആ കെ ഇലക്ടോറൽ ബോണ്ടിന്റെ 68.08% തുകയും രാഷ്ടീയ പാർട്ടികൾ പണമായി കൈപ്പറ്റിയത് 2019 ലെ ലോകസഭാ ഇലക്ഷന് മുന്നോടിയായിട്ടുള്ള മൂന്ന് മാസത്തിനുള്ളിലാണ്, അതായത് 2019 മാർച്ച് (phase VIII) 2019 ഏപ്രിൽ (phase IX) മെയ് 2019 (phase X) എന്നീ മാസങ്ങളിൽ.

7. സംഭാവന കൊടുക്കുന്നവർക്കും അത് സ്വീകരിക്കുന്ന പാർട്ടികൾക്കും നൽകുന്ന ഇലക്ടോറൽ ബോണ്ട് സ്കീം പ്രകാരം ലഭിക്കുന്ന സ്വകാരിത മൂലം ഏറ്റവും ജനപ്രിയമായ സംഭാവന കൊടുക്കുന്ന മാർഗമായി ഇലക്ടോറൽ ബോണ്ട് മാറിയിട്ടുണ്ട്. ADR ന്റെ വിശകലന പ്രകാരം 2018 -19 സാമ്പത്തിക വർഷത്തിൽ ദേശീയ  പാർട്ടികളുടെ ആകെ വരുമാനത്തിന്റെ 52 % വും  പ്രാദേശിക പാർട്ടികളുടെ വരുമാനത്തിന്റെ  53.83% വും വന്നത് ഇലക്ടോറൽ ബോണ്ടിലൂടെയുള്ള സംഭവനകളിലൂടെയാണ്.

8.ADR ന്റെ വിശകലന പ്രകാരം  2018-19 സാമ്പത്തിക വർഷത്തിൽ നാലു ദേശീയ പാർട്ടികളായ ബിജെപി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്, എൻ സി പി, & എ ഐ ടി സി എന്നിവർക്കായി 1960.68 കോടി രൂപയും , പ്രാദേശിക പാർട്ടികളായ ബിജു ജനത ദൾ (ബിജെഡി ), തെലങ്കാന രാഷ്ട്ര സമിതി (ടി ആർ എസ് ), വൈ എസ് ആർ കോൺഗ്രസ്, ശിവസേന (എസ് എച് എസ് ), തെലുഗു ദേശം പാർട്ടി (ടി ഡി പി ), ജനതാ ദൾ സെക്കുലർ (ജെ ഡി എസ്  ) സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ട് (എസ് ഡി എഫ്  ) എന്നിവർക്കായി  578.49 കോടി രൂപ ഇലക്ടോറൽ ബോണ്ടിലൂടെ ലഭിച്ചതായി വെളിപ്പെടുത്തി.

9.ADR ന്റെ വിശകലന പ്രകാരം  2019-20, സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ പാർട്ടികൾ ഇതുവരെ പരസ്യപ്പെടുത്തിയ കണക്കനുസരിച്ചു രാഷ്ട്രീയ പാർട്ടികളായ AITC, BJD, JDS, TDP, AIADMK, SAD, DMK & JDU എന്നിവർ 311.37 കോടി രൂപ ഇലക്ടോറൽ ബോണ്ടിലൂടെയുള്ള സംഭാവനകൾ ലഭിച്ചതായി വെളിപ്പെടുത്തി.

10. ദേശീയ പാർട്ടികൾ  കോർപറേറ്റു കളിൽ നിന്നും 2018- 19 സാമ്പത്തിക വർഷത്തിൽ 881.26 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ  563.19 കോടി രൂപയും  2014-15 സാമ്പത്തിക വർഷത്തിൽ (16 ആമത് ലോകസഭാ ഇലക്ഷൻ നടന്ന കാലയളവിൽ ) 573.18 കോടി രൂപയും സംഭാവനയായി സ്വീകരിച്ചു. 2012-13 മുതൽ  2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങൾക്കിടയിൽ ദേശീയ പാർട്ടികൾക്ക് കോർപറേറ്റുകളിൽ നിന്നും ലഭിച്ച സംഭാവന 974% ആയി വർധിച്ചു.

## C.  ഇലക്ടോറൽ ബോണ്ട് സ്കീം എന്തുകൊണ്ടാണ് വസ്തുനിഷ്ടമല്ലാത്തതും ഭരണഘടനാ വിരുദ്ധവും പ്രശ്നപരിതവും ആവുന്നത്

1. 2017 ലെ ഫിനാൻസ് നിയമമാണ് മണി ബില്ല് ആയി പാസ്സാക്കി രാഷ്ട്രീയ സംഭവനക്കായി ഇലക്ടറൽ ബോണ്ടു എന്ന സംവിധാനം,  അവതരിപ്പിച്ചത്.ഈ നിയമം കൊണ്ട് വന്ന ഭേദഗതി പ്രകാരം  ഇലെക്ഷൻ കമ്മീഷന് വാർഷികമായി സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ടോറൽ ബോണ്ടിലൂടെ സംഭാവന ചെയ്യുന്നവരുടെ പേരും അഡ്രസ്സും സൂചിപ്പിക്കേണ്ട ആവശ്യമില്ല. ഇതിന്റെ പ്രധാന പ്രശ്നമായി സൂചിപ്പിക്കുന്നത് പ്രകാരം രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനകൾക്ക് സുതാര്യത നഷ്ടപ്പെടുകയും രാഷ്ട്രീയ സംഭാവന എന്ന തത്വത്തെ അടിസ്ഥാനപരമായി തകിടം മറിക്കുകയും ചെയ്യുന്നു

2. പൗരന്റെ അടിസ്ഥാന അവകാശമായ അറിയാനുള്ള അവകാശത്തെ ഇലക്ടോറൽ ബോണ്ട് ലംഖിക്കുന്നു.  വിവരങ്ങൾ കുറിച്ചുള്ള അറിയാനുള്ള പൊതു സമൂഹത്തിന്റെ താല്പര്യത്തിനു

മേലുള്ള  അകാരണമായും യുക്തിരഹിതമായും നിയന്ത്രണങ്ങൾ അടിസ്ഥാനപരമായ സുതാര്യതയെയും(Transaparancy )  ഉത്തരവാദിത്വത്തെയും (Accountability) കാറ്റിൽ പറത്തുന്നതാണ് രാഷ്ട്രീയ പാർട്ടികളെ  ഉത്തരവാദിയാക്കുന്നതും ഉത്തരം പറയേണ്ടതുമായുള്ള സുപ്രധാനമായ പൊതു വിവരങ്ങൾ തടസ്സപ്പെടുത്തുന്നതിലൂടെ അടിസ്ഥാന തത്വമായ "ജനാധിപത്യത്തിന്റെയും നിയമ സംവിധാനത്തിന്റെയും" എതിര് പ്രവർത്തിക്കുകയാണ്.

3. കൂടാതെ ഇലക്ടോറൽ ബോണ്ട് പൗരമാരെ കുറിച്ചു ഒരു വിവരവും നൽകുന്നില്ല, പക്ഷേ കൊട്ടിഘോഷിക്കപ്പെട്ട സംഭാവന ദാതാക്കളെ കുറിച്ചുള്ള രഹസ്യാത്മകത സൂക്ഷിക്കുമെന്നത് (Anonymity ) ഭരിച്ചു കൊണ്ടിരിക്കുന്ന ഗവൺമെന്റിനു ബാധകമല്ല. അവർക്ക് എപ്പോൾ വേണമെങ്കിലും സംഭാവന നൽകുന്നവരുടെ വിവരങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയോട് (SBI ) ആവശ്യപ്പെടാം. ഇത് സൂചിപ്പിക്കുന്നത് സംഭാവന ചെയ്യുന്നവരെ കുറിച് മറച്ചു വെക്കുന്നത് നികുതിദായകരിൽ നിന്ന് മാത്രമാണ്.  ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു കാര്യം, ബോണ്ട് പ്രിന്റ് ചെയ്യുന്നതും ഇലക്ടോറൽ  ബോണ്ടിന്റെ വില്പനക്കും വാങ്ങലിനുമായി സംവിധാനിച്ച SBI കമ്മീഷനു വേണ്ടിയുള്ള ചിലവുകളും വഹിക്കുന്നത് പൊതു ജനങ്ങൾ അടക്കുന്ന നികുതിയിൽ നിന്നും കേന്ദ്ര ഗവണ്മെന്റ് കൊടുക്കുന്നതാണ് എന്നാണ്

4. ഇലക്ടോറൽ ബോണ്ട്  അതാര്യമായി പണം സ്വീകയ്ക്കാൻ അധികാരപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സുപ്രധാനപരമായ ഉപകരണമായ ആവിർഭരിച്ചിരിക്കുന്നു അത്, നിഗൂഡമായും അനിയന്ത്രിതമായുമുള്ള സംഭാവന സ്വീകരിക്കുന്നതിന് വഴി തുറക്കുന്നതിനൊപ്പം  ജനഹിത ജനാതിപത്യ സംവിധാനത്തിലേക്ക് നിയമ വിരുദ്ധമായ സാമ്പത്തിക ഒഴുക്കിന് (ഏകദേശം 6500 കോടിയിൽ കൂടുതലുള്ള തുകക്ക്) നിയമ സാധുത നൽകുന്നു,

5. വിവിധ കേന്ദ്ര ഏജൻസികളായ റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI ), ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ(ECI), കൂടാതെ നിയമ മന്ത്രാലയയാവും രാജ്യസഭാ എംപിമാരും   ഇലക്ടോറൽ ബോണ്ടിനെ കുറിച്ച കള്ളപ്പണം വിതരണം വർധിപ്പിക്കാനും , കള്ളപ്പണം വെളുപ്പിക്കാനും, അതിർത്തി കടന്നുള്ള കള്ളപ്പണത്തിന്റെ വ്യാപനത്തിനും, കള്ള ആധാരമുണ്ടാക്കുന്നതിനും കാരണമാകുമെന്ന കൃത്യമായ മുന്നറിയിപ്പ് കൊടുത്തിട്ടും ആശങ്കകൾ രേഖപ്പെടുത്തിയിട്ടും . ഈ സ്ഥാപനങ്ങൾ ഇലക്ടോറൽ ബോണ്ടെന്ന സംവിധാനത്തെ ശക്തമായി എതിർത്തിട്ടും "ചീത്ത കീഴ്‌വഴക്കമായി" മാറ്റി നിർത്തിയിട്ടും ഈ ആക്ഷേപങ്ങൾ അവഗണിക്കുന്നതോടൊപ്പം, ഈ സ്കീമിന്റെ തട്ടിപ്പ് നടത്താനുള്ള സാദ്ധ്യതകൾ  കുറക്കാനുള്ള നിർദേശ ങ്ങളെയും  ഗവൺമെന്റ് ചെവികൊണ്ടില്ല

6. രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ടോറൽ ബോണ്ടിലൂടെ ലഭിച്ച ഏതൊരു സംഭാവനയും പസിദ്ധപ്പെടുത്തേണ്ട പരിധിയിൽ നിന്ന് ഒഴിവാക്കിയതു പിന്തിരിപ്പൻ നടപടിയായതിനാൽ അത് പിൻവലിക്കേണ്ടതാണ് എന്നും ഇലക്ഷൻ കമ്മീഷൻ രേഖാപരമായി അറിയിച്ചു. പ്രകാരം, അതോടൊപ്പം ഇത്തരമൊരു സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ ഗവണ്മെന്റ് കമ്പനികളിൽ നിന്നും വിദേശ സ്ത്രോതസുകളിൽ നിന്നും  സ്വീകരിച്ച സംഭാവനകളെ പരിശോധിക്കാനോ

തങ്ങൾക്ക് സാധിക്കില്ലെന്ന് ECI കൂട്ടിച്ചേർത്തു. ECI യുടെ ആശങ്കകളെ വകവെക്കുന്നതിനു പകരം, അത്തരം ആശങ്കകൾ ECI ഒരിക്കലും ഉന്നയിച്ചിട്ടില്ലെന്ന് കേന്ദ്ര ഗവണ്മെന്റ് രാജ്യസഭയിൽ പച്ചയായ കള്ളം പറഞ്ഞു. കൂടാതെ ഗവണ്മെന്റ് സുതാര്യമായ മാർഗങ്ങളിലൂടെയുള്ള സംഭാവന മൂലം രാഷ്ട്രീയ പകരം വീട്ടലുകളെ ഭയപ്പെട്ട് സംഭാവന ദാതാക്കൾ ഇലക്ടോറൽ ബോണ്ട് ആവശ്യപ്പെട്ടു എന്നും ഗവണ്മെന്റ് കള്ളം പറഞ്ഞു.

7.നിയമ വിരുദ്ധമായ മാർഗങ്ങളിൽ വിറ്റ 20 കോടി രൂപ വരെയുള്ള, കാലാവധി കഴിഞ്ഞ ഇലക്ടോറൽ ബോണ്ട് സ്വീകരിക്കാൻ SBI യെ ഗവണ്മെന്റ് അനുവദിച്ചു

8. ഇലക്ടോറൽ ബോണ്ടിന്റെ വലതുവശത്തു മുകളിലായി മറക്കപ്പെട്ട (Hidden ) നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തതും അൾട്രാ വയലറ്റ് രശ്മികൾ കൊണ്ട് കാണാൻ ആവുന്നതുമായ വിശിഷ്ടമായ (Unique ) അല്ഫനുമെറിക് (Alphanumeric)അടയാളം (Charecter ) ഉണ്ട്. ഗവണ്മെന്റ് അതിന്റെ സത്യവാങ്മൂലത്തിൽ ആവർത്തിച്ച അതിന്റെ അവകാശവാദം സുരക്ഷാ കാരണങ്ങൾ കൊണ്ടാണ് അല്ഫനുമെറിക് അടയാളങ്ങൾ ഉൾകൊള്ളിച്ചത്. ഈ കള്ള അവകാശവാദത്തെ പല വിദഗ്ദ്ധരും വെക്തമായി പൊളിച്ചെഴുതി. അത്തരമൊരു അല്ഫനുമെറിക് അടയാളങ്ങൾ ഉൾകൊള്ളിച്ചത് ഭരിക്കുന്ന ഗവണ്മെന്റിനു സംഭാവന ദാതാക്കളെക്കുറിച്ചു പിന്തുടർന്ന് ചെല്ലാനുള്ള (Track ) ഗോപ്യമായ മാർ ഗമായിട്ടാണ് ദി ക്വിന്റ (THe Quint ) അടക്കമുള്ള മറ്റു റിപ്പോർട്ടുകളുടെയും നിരവധി ലേഖനങ്ങളുടെ ഒരു പരമ്പര തന്നെ അവതരിപ്പിച്ചത്. സംഭാവന ദാതാവിനെ കുറിച്ചുള്ള അജ്ഞാതവസ്ഥ ഉടമ്പടി ഭരിക്കുന്ന ഗവണ്മെന്റിനു ബാധകമാകില്ല എന്നും അത്തരം വിവരണങ്ങൾ ഏതു ഘട്ടത്തിലും ഗവണ്മെന്റിനു SBI യിൽ നിന്നും ആവശ്യപ്പെടാം എന്നു സാഹചര്യമാണെന്നും സംഭാവനയുടെ ഉറവിടങ്ങൾ മറച്ചുവെക്കുന്നത് പ്രതിപക്ഷ പാർട്ടിയിൽ നിന്നും പൊതു ജനങ്ങളിൽ നിന്നുമാണെന്നും ആ ലേഖനങ്ങൾ കൂട്ടിച്ചേർത്തു.

9. മുൻ ഇലക്ഷന് കമ്മീഷണർ ആയിരുന്ന മിസ്റ്റർ എസ് വൈ ഖുറൈശി ഒരു ഇന്റർവ്യൂവിൽ പറഞ്ഞു; " ഒരു ഇലകൂറൽ ബോണ്ട് വാങ്ങിക്കുമ്പോൾ ഒരു വ്യക്തിക്ക് അയാളുടെ KYC വിവരങ്ങൾ കൂടി ചേർക്കേണ്ടതുണ്ട് . ബോണ്ടിന്റെ സീരിയൽ നമ്പറും KYC ഡീറ്റൈൽസും മാച്ച് ചെയ്താൽ , ആര് എത്ര തുക ഏതു പാർട്ടിക്കാണ് സംഭാവന ചെയ്തതെന്ന് വ്യക്തമാകും"

10. കേന്ദ്ര ധനകാര്യ മന്ത്രി തന്നെ കൃത്യസമയത് അല്ലാത്ത നിയമവിരുദ്ധമായി സംസ്ഥാന നിയമസഭാ ഇലക്ഷന് മുന്നോടിയായി ഇലക്ടോറൽ ബോണ്ട് വിൽക്കാൻ അനുമതി കൊടുത്തുകൊണ്ട് പലതവണ ഇലക്ടോറൽ ബോണ്ട് നിയമം ലംഖിച്ചിട്ടുണ്ട്

11. ഇലക്ടോറൽ ബോണ്ട് പുറപ്പെടുവിക്കുന്നത് ജനുവരി, ഏപ്രിൽ ജൂലായ്, ഒക്ടോബര് എന്നീ മാസങ്ങളിലെ 10 ദിവസങ്ങളിലും ഇലക്ഷന് ഉള്ള വർഷങ്ങളിൽ അധികമായി 30 ദിവസവും ആണ്. പക്ഷേ 2019 ഫെബ്രുവരിയിൽ, ലോകസഭാ ഇലക്ഷന് മുന്നോടിയായി മാർച്ച്,ഏപ്രിൽ മെയ് എന്നീ മാസങ്ങളിൽ 45 ദിവസം ബോണ്ട് പുറപ്പെടുവിക്കാൻ ധനകാര്യ മന്ത്രാലയം നിശ്ചയിച്ചു. ഇലക്റ്റൽ ബോണ്ട് പുറപ്പെടുവിക്കുന്നത് ജനുവരി, ഏപ്രിൽ ജൂലായ്, ഒക്ടോബര് എന്നീ മാസങ്ങളിലെ 10 ദിവസങ്ങളിലും ഇലക്ഷന് ഉള്ള വർഷങ്ങളിൽ അധികമായി 30 ദിവസവും ആണ്. പക്ഷേ 2019 ഫെബ്രുവരിയിൽ, ലോകസഭാ ഇലക്ഷന് മുന്നോടിയായി മാർച്ച്,ഏപ്രിൽ മെയ് എന്നീ മാസങ്ങളിൽ 45 ദിവസം ബോണ്ട് പുറപ്പെടുവിക്കാൻ ധനകാര്യ മന്ത്രാലയം നിശ്ചയിച്ചു. എന്നാൽ മാർച്ച്, മെയ് എന്നീ മാസങ്ങളിലെ ബോണ്ട് പുറത്തിറക്കാനുള്ള തീരുമാനത്തെ ബോണ്ട് പുറത്തിറക്കാനുള്ള അനുവദിച്ചിട്ടുള്ള ഇലക്ഷന് വർഷത്തിലെ അധിക 30 ദിവസവുമായി

ബന്ധപ്പെടുത്തിയുള്ളതാണ്. അധികമായി ബോണ്ട് വാങ്ങാനും വിൽക്കാനും മന്ത്രാലയം നൽകിയ അഞ്ചു ദിവസം ഒഴിവാക്കിക്കൊണ്ട് 2019 ഏപ്രിൽ 2 നു സുപ്രിം കോടതി ഇറക്കിയ ഉത്തരവ് ഇറക്കി .

12. **2020 ലെ ബീഹാർ ഇലക്ഷന് സമയത്തു ഇലക്ടോറൽ ബോണ്ട് വാങ്ങലും വിൽപനയും** : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബീഹാർ ഇലക്ഷന് മുന്നോടിയായി 2020 ഒക്ടോബർ 19 -28 തിയ്യതികളിൽ (Phase X I V )ഇലക്ടോറൽ ബോണ്ട് പുറപ്പെടുവിച്ചതും ശ്രേദ്ധേയമായി ഒരു സന്ദർഭമാണ്. 02.01.2018 തിയ്യതിയിലുള്ള സ്കീം വിജ്ഞാപന പ്രകാരം ബോണ്ട് വിൽപനക്കായി ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളിൽ മാത്രമായി അനുവദിച്ചു കൊണ്ട് വ്യവസ്ഥവെച്ചു. എന്നിരുന്നാലും 2020 ജനുവരിയിലെ 13-ആം phase നു ശേഷം ബോണ്ട് വില്പനക്കുള്ള വിന്ഡോ ജനുവരിയിലും ഏപ്രിലും തുറക്കാതെ ബീഹാർ ഇലക്ഷന് മുന്നോടിയായി ഒക്ടോബറിൽ തുറന്നു. ഇലക്ടോറൽ ബോണ്ടിലൂടെയുള്ള സംഭാവനകൾ രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷന് ക്യാമ്പയിന് സുപ്രധാന പങ്കു വഹിച്ചു. രാഷ്ട്രീയ പാർട്ടികളുടെ സാമ്പത്തിക സ്ത്രോതസുമായി ബന്ധപ്പെട്ട വിവരങ്ങൾ പെട്ടെന്ന് അറിയാനുള്ള ജനങ്ങളുടെ അവകാശം അറിഞ്ഞു വോട്ട് ചെയ്യാനും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് പ്രക്രിയക്ക് അഭിവാജ്യമായ ഘടകമാണ്.

13. ഈ സ്കീമിനു യോഗ്യതക്കായി അവസാനം നടന്ന ലോകസഭ / നിയമസഭാ തിരഞ്ഞെടുപ്പുകളിൽ 1 % വോട്ടു വേണമെന്ന ധനകാര്യ മന്ത്രാലയത്തിന്റെ മാനദണ്ഡത്തിനെതിരെ തുടർച്ചയായി നിയമ മന്ത്രാലയം എതിർപ്പ് അറിയിച്ചു. 1951 ലെ ജന പ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകളോടെ യോജിച്ചു കൊണ്ട് മാത്രമേ ഈ സ്കീം മുന്നോട്ട് കൊണ്ടുപോവാൻ പാടുള്ളൂ എന്ന് നിയമം മന്ത്രാലയം തുടർച്ചയായി ചൂണ്ടിക്കാണിച്ചിരുന്നു.

14. ഭൂരിപക്ഷ ബോണ്ടുകളും ലഭിച്ചത് ഒരൊറ്റ രാഷ്ട്രീയ പാർട്ടിക്കാണ് എന്നുള്ളതും വലിയൊരു ഭാഗം ബോണ്ടുകൾ വാങ്ങിച്ചതും പണമായി കൈപറ്റിയതും ഇലക്ഷന് സമയത്തു ആണ് എന്നുള്ള വസ്തുത , ജനാധിപത്യത്തിലെ സുപ്രധാനമായ ഈ ഘടകമായ തുല്യമായ മത്സരം ഉറപ്പുവരുത്തേണ്ട സാഹചര്യത്തെ ശക്തമായി ബാധിച്ചിട്ടുണ്ട്.

15. ഇലക്ടോറൽ ബോണ്ടിലൂടെ സംഭാവന സ്വീകരിച്ചതിനെ പ്രസിദ്ധപ്പെടുത്താത്ത സാഹചര്യത്തിൽ, രാഷ്ട്രീയ പാർട്ടികൾ ഗവണ്മെന്റ് കമ്പനികളിൽ നിന്നും വിദേശ സ്ത്രോതസ്സുകളിൽ നിന്നും സംഭാവന സ്വീകരിക്കാൻ പാടില്ലെന്ന 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ, വ്യവസ്ഥ ലംഘിക്കുന്നുണ്ടോ എന്നും രാഷ്ട്രീയ പാർട്ടികൾ സ്വീകരിച്ച സംഭാവനയുടെ ഉറവിടങ്ങൾ പരിശോധിച്ചു ഉറപ്പുവരുത്തുന്നതിന് തടസ്സമാകുന്നുണ്ട്..

16. ഇലക്ടോറൽ ബോണ്ടിലൂടെ യോഗ്യതയില്ലാത്ത രാഷ്ട്രീയ പാർട്ടികൾക്ക് വരെ സംഭാവന ലഭിക്കുന്നു : ഏപ്രിൽ 5 നു ADR സമർപ്പിച്ച ആപ്ലിക്കേഷനു മറുപടിയായി ഇലക്ടോറൽ ബോണ്ടിലൂടെ സംഭാവന ലഭിച്ച എല്ലാ രാഷ്ട്രീയ പാർട്ടികളോടും സംഭാവനയുടെ വ്യക്തമായ വിവരങ്ങൾ സീൽ ചെയ്ത കവറിൽ ഇലക്ഷന് കമ്മീഷന് 2019 മെയ് 30 നു മുമ്പ് സമർപ്പിക്കാൻ ഏപ്രിൽ 12 നു സുപ്രീം കോടതി ഇടക്കാല ഉത്തരവ് പുറത്തിറക്കി. അത് പ്രകാരം സീൽ ചെയ്ത കവറിൽ സമർപ്പിച്ച രാഷ്ട്രീയ പാർട്ടികളുടെ യോഗ്യതകൾ ADR പരിശോദിച്ചു. അതുപ്രകാരമുള്ള വിശകലനങ്ങളുടെ കണ്ടെത്തലുകൾ ഇലക്ടോറൽ ബോണ്ട് സ്കീം നടത്തിപ്പിന് നേരെ ഒരുപാട് ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

- ഇലക്ഷന് കമ്മീഷന് സീൽ ചെയ്ത കവറിൽ വ്യക്തമായ വിവരങ്ങൾ സമർപ്പിച്ച രജിസ്റ്റർ ചെയ്ത അറിയപ്പെടാത്ത 69 രാഷ്ട്രീയ പാർട്ടികളിൽ നിന്നും, ഇലക്ടറൽ ബോണ്ടിന് വേണ്ടിയുള്ള അവരുടെ യോഗ്യത പരിശോധിക്കാൻ 43 രാഷ്ട്രീയ പാർട്ടികളുടെ വോട്ട് ശതമാനത്തിന്റെ വിവരങ്ങൾ മാത്രമേ ലഭ്യമായിരുന്നൊള്ളു

- വിവരങ്ങൾ സമർപ്പിച്ച 43 പാർട്ടികളിൽ നിന്നും രജിസ്റ്റർ ചെയ്ത ഒരു രാഷ്ട്രീയ പാർട്ടി മാത്രമേ ഇലക്ടറൽ ബോണ്ടിന്റെ യോഗ്യത മാനദണ്ഡ പ്രകാരം ഇലക്ടറൽ ബോണ്ടിന് യോഗ്യതയുണ്ടായിരുന്നുള്ളൂ
- ഇലക്ഷന് കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമായ ഇലക്ടറൽ ബോണ്ട് സ്കീമിന്റെ മാനദണ്ഡ പ്രകാരം ഇലക്ടറൽ ബോണ്ടിലൂടെ സംഭാവന സ്വീകരിക്കാൻ യോഗ്യരായ രാഷ്ട്രീയ പാർട്ടികളുടെ പട്ടിക ഇതുവരെ നിലവിലില്ല. ADR സമർപ്പിച്ച വിവരാവകാശ രേഖയുടെ മറുപടിയായി എലെക്ഷൻ കമ്മീഷൻ തന്ന മറുപടിയിൽ അങ്ങനെ യോഗ്യരായ പാർട്ടികളുടെ പേരുകൾ ക്രോഡീകരിച്ച ഒരു ലിസ്റ്റ് നിലവിൽ ഇല്ലെന്നാണ് അറിയിച്ചത്.
- രാഷ്ട്രീയ പാർട്ടികൾ ഇലക്ടറൽ ബോണ്ട് പണമാക്കി മാറ്റുന്നതിന് മുന്നോടിയായി ഇലക്ടറൽ ബോണ്ട് സ്കീമിനു യോഗ്യരല്ലാത്ത രാഷ്ട്രീയ പാർട്ടികളെ വേർതിരിച്ചെടുക്കാൻ അധികാരികളിലി നിന്നും ഒരു ഘട്ടത്തിലും ഒരു സൂക്ഷ്മ പരിശോധനയും നടന്നിട്ടില്ലെന്നാണ് വ്യക്തമാകുന്നത്.

17. ഇലക്ടോറൽ ബോണ്ട് സ്കീം തുടങ്ങിയതിനു ശേഷം ഒരുപാട് രാഷ്ട്രീയ പാർട്ടികൾ അവരുടെ വരുമാനം വൻതോതിൽ വർധിപ്പിച്ചു, കള്ളപ്പണം പ്രോത്സാഹിപ്പിക്കാനും കൂടുതൽ പണം ഉത്പാദിപ്പിക്കാനുമുള്ള അംഗീകൃത കുത്തകാവാശ മാർഗമായി ഇലക്ടോറൽ ബോണ്ടിനെ രാഷ്ട്രീയ പാർട്ടികൾക്ക് അഗീകരിച്ചു, രാഷ്ട്രീയത്തിൽ അധികാരത്തിന്റെയും പണത്തിന്റെയും അവിശുദ്ധ ബന്ധത്തിന്റെ അതിപ്രസരം ആദ്യമേ ഉള്ളതാണ്, അതുകൊണ്ട് തന്നെ പണവും അധികാരവും ഉള്ളവർക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള ടിക്കറ്റ് ലഭിക്കുന്നുള്ളു. 2017 ജനുവരിയിൽ ഇന്ത്യയിൽ ആകെ 1500 രാഷ്ട്രീയ പാർട്ടികൾ ഉണ്ടായിരുന്നപ്പോൾ 2020 സെപ്റ്റംബർ 20 വരെ ഇന്ത്യയിലെ ആകെ രാഷ്ട്രീയ പാർട്ടികൾ 2628 ആയി വർധിച്ചു. പുതിയ പാർട്ടികളുടെ ഈ ബാഹുല്യത്തിന് കാരണം വിവാദപരമായ ഗവണ്മെന്റിന്റെ ഇലക്ടറൽ ബോണ്ടിലേക്കും അതിലൂടെയുള്ള അജ്ഞാതമായ കോർപ്പറേറ്റ് സംഭവനകളിലേക്കും വിരൽ ചൂണ്ടുന്നു. ഇതിൽ പെട്ട ബഹുഭൂരിപക്ഷം രാഷ്ട്രീയ പാർട്ടികളും ഇലക്ഷനിൽ മത്സരിക്കുന്നില്ല. അവയിൽ കൂടുതൽ രാഷ്ട്രീയ പാർട്ടികളും അവരുടെ സാഹചര്യത്തെ കള്ളപ്പണം വെളുപ്പിക്കാനുള്ള അവസരമായി ഉപയോഗപ്പെടുത്തുകയാണ്.

18. 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പ് ചരിത്രത്തിലെ തന്നെ ഏറ്റവും ചെലവ് കൂടിയ തെരഞ്ഞെടുപ്പായിട്ടാണ് അറിയപ്പെടുന്നത് Center for Media Studies ന്റെ കണക്കുകൾ പ്രകാരം 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പിനായി 55000 കോടി മുതൽ 60000 കോടിവരെ ചെലവാക്കിയെന്ന ഞെട്ടിപ്പിക്കുന്ന കണക്കാണ് പുറത്തു വന്നത്കൂ, ടാതെ 1998 മുതൽ 2019 വരെ കഴിഞ്ഞ ആറു ലോകസഭാ തെരെഞ്ഞെപ്പുകൾക്ക് ചിലവിട്ട തുക ഏകദേശം ആറു മടങ്ങായി, 9000 (1998) കോടിയിൽ നിന്നും 55000 (2019)കോടിയായി വർധിച്ചു.

19. ചരിത്രത്തിൽ തന്നെ ഇലക്ടോറൽ ബോണ്ടിലൂടെ ഏറ്റവും കൂടുതൽ കൂടുതൽ അജ്ഞാതമായ രീതിയിൽ സംഭാവന ലഭിച്ച സമയമായി 2019 ലെ ലോകസഭാ ഇലക്ഷന് സാക്ഷ്യം വഹിച്ചപ്പോൾ, 2017-18 മുതൽ 2018 - 19 വരെ 2,760.20 കോടി രൂപയാണ് ഇലക്ടറൽ ബോണ്ടിലൂടെ രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന ലഭിച്ചത്

## D. ADRന്റെ നിർദേശങ്ങൾ

1. 2018 ലെ ഇലക്ടോറൽ ബോണ്ട് സ്കീം പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് ADR നിർദേശിച്ചു.

2. ഇലക്ടോറൽ ബോണ്ട് സ്കീം തുടർന്ന് കൊണ്ടുപോവുകയാണെങ്കിൽ, ഇലക്ടോറൽ ബോണ്ട് പ്രകാരം സംഭാവന കൊടുക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്ന തത്വം ഒഴിവാക്കണം, ഇലക്ടറൽ ബോണ്ട് സ്കീമിലൂടെ സംഭാവന ലഭിച്ച എല്ലാ രാഷ്ട്രീയ പാർട്ടികളും അവർക്കു ലഭിച്ച സംഭാവനയുടെ പങ്കും, ഓരോരുത്തരും  സംഭാവന ചെയ്ത തുകയും അതിന്റെ ദാതാക്കളുടെ  വിവരങ്ങൾ  എല്ലാ സാമ്പത്തിക വർഷവും പരസ്യപ്പെടുത്തണം. ഓരോ രാഷ്ട്രീയ പാർട്ടികളുടെയും യഥാർത്ഥ സാമ്പത്തിക നിലയുടെ യഥാർത്ഥ ചിത്രം ഉറപ്പുവരുത്തുന്നതിനും അത് പൊതു ജനങ്ങൾക്കിടയിൽ  വെളിപ്പെടുത്തുന്ന രീതിയിൽ ഇത് പരസ്യപ്പെടുത്തുന്ന (Reporting ) സമ്പ്രദായത്തിന്റെ ചട്ടക്കൂടുകൾ (Framework ) ക്രമീകരിക്കണം (Standardised).

3. ഇലക്ടോറൽ ബോണ്ട് സ്കീം, 2018 ലെ മാനദണ്ഡപ്രകാരം ഇലക്ടോറൽ ബോണ്ടിലൂടെ സംഭാവന സ്വീകരിക്കാൻ അർഹരായ രാഷ്ട്രീയ പാർട്ടികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ലിസ്റ്റ് തയ്യാറാകുകയും അവസാന വർഷത്തെ ലോകസഭയിലേക്കോ സംസ്ഥാന നിയമസഭയിലേക്കോ നടന്ന പൊതു തെരഞ്ഞെടുപ്പുകളിൽ ലഭിച്ച വോട്ടിന്റെയും അനുപാതത്തിൽ ആ ലിസ്റ്റ് പുതുക്കുകയും വേണം . ആ ലിസ്റ്റ് ഇലക്ഷൻ കമീഷന്റെയും SBI-യുടെയും വെബ്സൈറ്റിലൂടെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കണം, മാത്രമല്ല ഇലക്ടോറൽ ബോണ്ട് വിൽക്കാൻ അനുമതിയുള്ള SBI-യുടെ 29 ശാഖകളിലും ആ ലിസ്റ്റിന്റെ പ്രിന്റെ ചെയ്ത കോപ്പികൾ ലഭ്യമാക്കണം.

4. സംഭാവന വിവരങ്ങൾ പരസ്യപ്പെടുത്തണമെന്ന നിർദേശം അനുസരിക്കാത്ത രാഷ്ട്രീയ പാർട്ടിൾക്ക് മേൽ നികുതിയിളവ് കൂടാതെ നിർബന്ധിത പിഴ ചുമത്തണം

5. ഒരേ സമയം ദീർഘ കാലം പൊതു തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാതെ നിഷ്ക്രിയമായി കിടക്കുകയും ഇലക്ടോറൽ ബോണ്ടിലൂടെ സംഭാവന സ്വീകരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളെ, ഇലക്ടോറൽ ബോണ്ടിലൂടെ പണം സ്വീകരിക്കാൻ സാധിക്കാത്ത തരത്തിൽ, മേൽപറഞ്ഞ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും വേണം .

6. ഇലക്ടോറൽ ബോണ്ട് സ്കീം 2018 മാനദണ്ഡപ്രകാരം സംഭാവന സ്വീകരിക്കാൻ അയോഗ്യരായ രാഷ്ട്രീയ പാർട്ടികളെ കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിനു മേൽനോട്ടം വഹിക്കുന്നതിനു  തെരെഞ്ഞെടുപ്പ് കമ്മീഷനെ ഉത്തരവാദിത്വപെടുത്തുകയും അത്തരത്തിൽ ലഭിച്ച പണം തിരിച്ചു പിടിക്കാൻ തെരെഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാവുകയും വേണം.

7. ഇലക്ടോറൽ ബോണ്ടിലൂടെ ലഭിച്ച സംഭാവനകളെക്കുറിച്ചും സംഭാവന ദാതാക്കളെ കുറിച്ചുള്ള വിവരങ്ങളും  ഉൾകൊള്ളുന്ന പൂർണ്ണ വിവരങ്ങൾ എല്ലാ ദേശീയ പാർട്ടികളും പ്രാദേശിക പാർട്ടികളും വിവരാവകാശ നിയമ പ്രകാരം പൊതു ജനങ്ങൾക്കു ലഭ്യമാക്കണം.

8. രാഷ്ട്രീയ പാർട്ടികൾ സമർപ്പിക്കുന്ന സാമ്പത്തിക രേഖകളെ സൂക്ഷ്മമായി എല്ലാ വർഷവും പരിശോധനക്കായി കൺട്രോളർ ആൻഡ് ഓഡിറ്ററി ജനറലും(CAG ) തെരഞ്ഞെടുപ്പ് കമ്മീഷനും(ECI ) അംഗീകരിച്ച  ഒരു സംവിധാനം ഒരുക്കണം

9. കേന്ദ്ര വിവരാവകാശ  കമ്മീഷണറുടെ  2013 ജൂൺ 3 തയ്യതിയിലെ ഉത്തരവു പ്രകാരം രാഷ്ട്രീയ പാർട്ടികളെ 2005-ലെ വിവരാവകാശ നിയമത്തിനു കീഴിൽ കൊണ്ടുവരണം